**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 906** **10-06-2021 - ൽ മറുപടിയ്ക്ക്**

**പ്രൈമറി സ്കൂളുകളിലെ പ്രധാന അധ്യാപകരുടെ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | Shri V Sivankutty<br>(പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവിൽ പ്രധാന അധ്യാപകർ ഇല്ലാത്ത എത്ര ഗവൺമെന്റ് പ്രൈമറി സ്കൂളുകളുണ്ട്; ആയതിന്റെ ജില്ല തിരിച്ചുള്ള എണ്ണം നല്കാമോ; | (എ) | സംസ്ഥാനത്ത് പ്രൈമറി പ്രധാനാദ്ധ്യാപകർ ഇല്ലാത്ത 1596 സ്കൂളുകളുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. ജില്ല എണ്ണം തിരുവനന്തപുരം - 222 കൊല്ലം - 173 ആലപ്പുഴ - 107 പത്തനംതിട്ട - 76 കോട്ടയം - 72 ഇടുക്കി - 31 എറണാകുളം - 116 തൃശ്ശൂർ - 72 മലപ്പുറം - 209 പാലക്കാട് - 140 കോഴിക്കോട് - 151 വയനാട് - 51 കണ്ണൂർ - 95 കാസർഗോഡ് - 81 ആകെ 1596 |
| (ബി) | പ്രധാന അധ്യാപകർ ഇല്ലാത്തതുമൂലം സ്കൂളുകളുടെ ദൈനംദിന പ്രവർത്തനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകുന്നതായി പരാതികൾ ലഭിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പ്രശ്നത്തിന് അടിയന്തിരമായി പരിഹാരം കാണുവാൻ ശ്രമിക്കുമോ; | (ബി) | പ്രൈമറി പ്രധാനാദ്ധ്യാപകർ ഇല്ലാത്ത സ്കൂളുകളിൽ പ്രധാനാദ്ധ്യാപകരുടെ ചുമതല സീനിയർ അദ്ധ്യാപകർക്ക് നൽകിയിട്ടുണ്ട്. അതുകൊണ്ട് പ്രധാനാദ്ധ്യാപകരുടെ അഭാവം യാതൊരു തരത്തിലും സ്കൂളുകളുടെ ദൈനംദിന പ്രവർത്തനങ്ങളെ ബാധിക്കുന്നില്ല. |
| (സി) | പ്രധാന അധ്യാപക സ്ഥാനക്കയറ്റം നൽകുമ്പോൾ ഉണ്ടാകുന്ന അധ്യാപക ഒഴിവുകളിലേക്ക് നിലവിലുള്ള പി.എസ്.സി റാങ്ക് ലിസ്റ്റുകളിൽ നിന്നും നിയമനം നടത്തുന്നതിനുള്ള ഉത്തരവ് ഇറക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; | (സി) | പ്രധാനാദ്ധ്യാപക സ്ഥാനക്കയറ്റം കോടതിയുടെ പരിഗണനയിൽ ഉള്ള വിഷയമായതിനാൽ കോടതി വിധിയുടെ അടിസ്ഥാനത്തിൽ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. അതോടൊപ്പം സ്ഥാനക്കയറ്റം നടക്കുമ്പോൾ സംജാതമാകുന്ന അധ്യാപക ഒഴിവുകൾ നിയമാനുസൃതമായി പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്. |
| (ഡി) | 30.06.2020 ലെ ഉത്തരവ് പോലെ (ജി3/280/2020/ പൊ.വി) ഈ വർഷം അധ്യാപകർ വിരമിക്കുന്നതുമൂലം ഉണ്ടായിട്ടുള്ള മുഴുവൻ ഒഴിവുകളും പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ എത്രയും വേഗം സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം നല്കുമോ? | (ഡി) | ഈ വർഷം അദ്ധ്യാപകർ വിരമിക്കുന്നത് മൂലം ഉണ്ടായിട്ടുള്ള ഒഴിവുകൾ നിയമാനുസൃതമായി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ